# വനിത വീട്

ഡിസംബർ 2013

₹ 35



6th Anniversary Special

# നിർമാണം ചെലവിനൊത്ത്

• വീടുകൾ • പ്ലാനുകൾ • വിദഗ്ധ നിർദേശങ്ങൾ

## പ്രകൃതിദത്തമായ കല്ലുകൾ ഉപയോഗിച്ചുള്ള ഫ്ളോറിങ് എപ്പോഴും ചെലവു കൂട്ടുമോ?

വിദേശത്തുനിന്ന് ഇറക്കുമതി ചെയ്ത മാർബിൾ, ഗ്രാനൈറ്റ് എന്നിവ ചെലവു കൂട്ടും ഉറപ്പ്. നമ്മുടെ നാട്ടിൽ ലഭ്യമായ ഇത്തരം പ്രകൃതിദത്ത കല്ലുകളും ചെലവു വർധിപ്പിക്കുന്നവയാണ്. എന്നാൽ കോട്ട, കടപ്പ, ജയ്സാൽമീർ സ്റ്റോൺ എന്നിവ ഉപയോഗിച്ചാൽ ചെലവ് നിയന്ത്രിച്ചുകൊണ്ടുതന്നെ നിലം ഭംഗിയാക്കാം. കടപ്പ സ്റ്റോൺ നിലത്തുപയോഗിക്കാതെ മാറ്റി നിർത്തിയിരിക്കുകയായിരുന്നു അടുത്ത കാലംവരെ. എന്നാൽ ഈ കല്ലിന്റെ കടുപ്പവും കറുപ്പു നിറവും ഇപ്പോൾ ജനങ്ങൾക്കിടയിൽ ഇതിനെ താരമാക്കിക്കഴിഞ്ഞു. കോട്ട സ്റ്റോണിന് ചാരനിറവും ജയ്സാൽമീറിന് മഞ്ഞനിറവുമാണ്. ജയ്സാൽമീർ മുറിച്ചു ബാക്കിവന്ന കഷണങ്ങൾ വിലക്കുറവിൽ ലഭിക്കും. ഇത് ബോർഡർ ഇടുന്നതിനും മറ്റും ഉപയോഗിക്കാം. ഗ്രാനൈറ്റ് ടൈലിന് വിലക്കുറവാണെങ്കിലും ഗുണമേന്മ കുറവായിരിക്കും. കല്ല് ഏതായാലും അരികുകൾ ഒരേ നിരപ്പിൽ ആയിരിക്കില്ല. ഇതു മുറിച്ചു തുല്യമാക്കിയാൽ പണിക്കൂലിയും മെറ്റീരിയൽ നഷ്ടവും ഉണ്ടാകും. ആകൃതി ശ്രദ്ധിക്കാതെ സ്പേസർ ഇട്ട് കല്ല് പതിച്ചാൽ ഇതൊഴിവാക്കാം. ഈ രീതി ഇപ്പോൾ ഒരു ട്രെൻഡ് ആയിട്ടുമുണ്ട്.



**കെ.എൻ. ചന്ദ്രൻ**
ഫ്ളോറിങ് കൺസൾട്ടന്റ്,
എറണാകുളം.



**രഞ്ജിത്ത് പുത്തൻപുരയ്ക്കൽ**
ഡിസൈനർ,
രഞ്ജിത്ത് പുത്തമ്പുരയ്ക്കൽ ആൻഡ് അസോസിയേറ്റ്സ്,
എറണാകുളം.

**ഒരു വീട്ടിൽ കുറഞ്ഞത് 1000 റണ്ണിങ് ഫീറ്റെങ്കിലും സ്കേർട്ടിങ് വരുമെന്നതിനാൽ ഉരുട്ടാനുള്ള ചാർജ് വളരെയധികം കൂടും.**


## ഫ്ളോറിങ് സമയത്ത് ചെലവ് കൂടാൻ പ്രധാനമായും ഉണ്ടാകുന്ന കാരണങ്ങൾ എന്തെല്ലാം?

ഫ്ളോറിങ് ചെയ്യുന്നതിനു മുമ്പുതന്നെ തറ വേണ്ടരീതിയിൽ നിരപ്പാക്കാത്തതാണ് ചെലവു കൂടാൻ പ്രധാന കാരണം. തറ ഒരേ നിരപ്പിലാണെങ്കിൽ ഒരു ഇഞ്ച് കനത്തിൽ മതി പരുക്കൻ ഇടുന്നത്. നിലം നിരപ്പാക്കുന്നതിനുവേണ്ടി പല വീടുകളിലും മൂന്ന് ഇഞ്ച് വരെ പരുക്കൻ ഇടേണ്ടിവരാറുണ്ട്. മണലിന്റെ വില എത്ര കൂടുതലാണെന്ന് അറിയാമല്ലോ? അതുകൊണ്ടുതന്നെ പരുക്കന്റെ ഉപയോഗം കൂടുന്നതനുസരിച്ച് ചെലവും കൂടും. ഇതുകൂടാതെ ലേബർ ചാർജ് ഇനത്തിലും വർധനവുണ്ടാകും.

പ്ലാനിങ് സ്റ്റേജിൽത്തന്നെ ഓരോ മുറിയുടെയും നീളവും വീതിയും ടൈൽ വലുപ്പമനുസരിച്ച് ഇരട്ടസംഖ്യയായി പ്ലാൻ ചെയ്താൽ ടൈൽ മുറിച്ച് കഷണങ്ങൾ ബാക്കിവരാതെയാകും. സ്കേർട്ടിങ് ആണ് പ്രധാനമായും ശ്രദ്ധിക്കേണ്ട മറ്റൊരു ഏരിയ. അടിവരെ പ്ലാസ്റ്റർ ചെയ്ത് അവസാനം സ്കേർട്ടിങ് വേണ്ട ഭാഗത്ത് കുത്തിപ്പൊട്ടിച്ച് ടൈൽ ഉള്ളിലാക്കുന്നത് വലിയ നഷ്ടം തന്നെയാണ്. ഇതൊഴിവാക്കാൻ ആദ്യംതന്നെ സ്കേർട്ടിങ്ങിനുള്ള സ്ഥലം ഒഴിച്ചിടാം. താഴെ വരെ പ്ലാസ്റ്റർ ചെയ്ത് അതിനു മുകളിൽ ടൈൽ ഒട്ടിക്കുകയാണെങ്കിൽ ടൈലിന്റെ അഗ്രം ഉരുട്ടേണ്ടിവരും. ഇതിന് റണ്ണിങ് ഫീറ്റ് ചാർജ് ആണ് ഈടാക്കുന്നത്. ഒരു വീട്ടിൽ കുറഞ്ഞത് 1000 റണ്ണിങ് ഫീറ്റെങ്കിലും സ്കേർട്ടിങ് വരുമെന്നതിനാൽ ചാർജ് കൂടും. ടൈൽ ഇടാൻ സ്ക്വയർഫീറ്റ് കണക്കാണ് പലരും ചിന്തിക്കുക എന്നതിനാൽ ഈ തുക വലിയൊരു ആഘാതമായി മാറാം. മാത്രമല്ല, പൊടിയും മറ്റും അടിഞ്ഞുകൂടി വൃത്തിയാക്കാനും ഇത്തരം ഭാഗങ്ങൾ ബുദ്ധിമുട്ടുണ്ടാക്കും.

സെറാമിക് ടൈൽ ഉപയോഗിച്ച് ചെലവ് വളരെയധികം കുറയ്ക്കാനാകും. തടിയുടെയും പ്രകൃതിദത്ത കല്ലുകളുടെയും ഡിസൈനിലുള്ള ഇത്തരം ടൈലുകൾ ഭംഗി കുറയ്ക്കാതെത്തന്നെ ചെലവു കുറയ്ക്കാൻ സഹായിക്കും. വില കുറഞ്ഞ വിട്രിഫൈഡ് ടൈലുകളും ടെറാക്കോട്ട ടൈലുകളും കൂടാതെ ഓക്സൈഡ് ഫ്ളോറിങ്ങും മൊസെയ്ക്കും ഇപ്പോൾ പ്രചാരത്തിലുണ്ട്.

Cost cutting tips



ബ്ലാക്ക് ആൻഡ് വൈറ്റ് തീമിൽ ഒരുക്കിയെടുത്ത ലിവിങ് റൂമിന് ജീവസ്സ് പകരാൻ ഇളം നീലനിറം കൊണ്ടുള്ള ഹൈലൈറ്റ്. ഭിത്തി സുന്ദരമാക്കാൻ ഇളം നിറങ്ങളിലുള്ള വോൾപേപ്പറുകളും.



ബ്ലാക്ക് ആൻഡ് വൈറ്റ് തീമിലാണ് ഞങ്ങളുടെ ഫ്ളാറ്റ് ഇൻറീരിയർ ചെയ്തത്. ഭിത്തികളെല്ലാം വെളുപ്പും ഫർണിച്ചറിനും ഫർണിഷിങ്ങിനും കറുപ്പുമെന്ന രീതിയിലാണ് തീം പിന്തുടർന്നത്. ഒരു നീഷിനു മാത്രം നീലനിറം നൽകി. ഇൻറർനെറ്റിൽ നിന്ന് ഇഷ്ടപ്പെട്ട ഒരു ഡിസൈൻ എടുത്ത് വിനൈൽ പ്രിൻറിങ് ചെയ്ത് ഗ്ലാസിൽ ഒട്ടിച്ചുണ്ടാക്കിയ ഡിസൈനും ലിവിങ് റൂമിൻെറ ഹൈലൈറ്റ് ആയി മാറി. ഡയറക്ട് ലൈറ്റിങ് ഒഴിവാക്കി ഫോൾസ് സീലിങ്ങിൽ നിന്ന് സ്പോട്ട് ലൈറ്റായും സ്ട്രിപ് ലൈറ്റായും വെളിച്ചം പ്രവഹിക്കുന്ന രീതിയിലാണ് പ്രകാശക്രമീകരണം നടത്തിയത്.

**തുഷാർ വി.പി, ഹസീന വി.എം**
ശാന്തി പ്രത്യാഗ്, കൊച്ചി.

